**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3976** **03-03-2023 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് എത്ര കോടി രൂപയുടെ ധനാനുമതിയാണ് ലഭിച്ചിട്ടുള്ളത്; എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | ബാലുശ്ശേരി താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ നിന്ന് 23.2049 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ലഭ്യമാക്കുന്ന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നതാണ്.<br><br>• കോഴിക്കോട് ജില്ലയിൽ ബാലുശ്ശേരി ആശുപത്രിയിൽ 6 നിലകളിലായി 33990.84 സ്ക്വയർ ഫീറ്റ് പുതിയ കെട്ടിടവും നിലവിലുള്ള ആശുപത്രി കെട്ടിടത്തിനു മുകളിൽ ഒരു നിലയിൽ 9775.13 സ്ക്വയർ ഫീറ്റിലുള്ള സൗകര്യങ്ങളും 73 കിടക്കകളും ഉൾക്കൊള്ളുന്നു.<br>• ട്രോമായും എമർജൻസികെയർ വിഭാഗവും, റേഡിയോളജി, ഓപ്പറേഷൻ തീയേറ്റർ, നൂതന മാർഗ്ഗരേഖയിലുള്ള ലേബർ റൂം, തീവ്ര പരിചരണ വിഭാഗം, ശിശുരോഗവിഭാഗം, ഒ.പി.ഡി വാർഡുകൾ, സി.എസ്.എസ്.ഡി ബ്ലഡ് വിതരണ യൂണിറ്റ്, ലബോറട്ടറി സർവീസ് തുടങ്ങിയ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.<br>• അത്യാഹിത വിഭാഗം, സ്പെഷ്യാലിറ്റി ഒ.പി, മെഡിസിൻ വിഭാഗം, കുട്ടികളുടെ വിഭാഗം, ഗൈനക്കോളജി വിഭാഗം, അസ്ഥി രോഗ വിഭാഗം, ഓപ്പറേഷൻ തീയറ്റർ, ഫാർമസി, പുരുഷന്മാരുടേയും സ്ത്രീകളുടേയും കുട്ടികളുടേയും വാർഡുകൾ |
| (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം വന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് മൂലം രോഗികൾക്ക് ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന്റെ ഭാഗമായി കാലപ്പഴക്കം വന്ന കെട്ടിടങ്ങളുടെ 80% ത്തോളം പൊളിച്ച് നീക്കിയിട്ടുണ്ട്. പൊളിച്ച് മാറ്റപ്പെട്ട കെട്ടിടങ്ങളിൽ പ്രധാനമായും ഓഫീസുകളാണ് പ്രവർത്തിച്ചിരുന്നത്. ആയത് രോഗികൾക്കും |

| | | | |
|---|---|---|---|
| | | | പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിലാണ് മാറ്റി സ്ഥാപിച്ചിട്ടുള്ളത്. രോഗികൾക്ക് ബന്ധപ്പെട്ട സൗകര്യങ്ങൾ ബുദ്ധിമുട്ടില്ലാത്ത വിധത്തിൽ ലഭ്യമാകത്തക്കവണ്ണമാണ് ആശുപത്രിയുടെ ക്രമീകരണം നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എത്ര തവണയാണ് പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളത്; ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (സി) | ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ വാപ്കോസ് 3 തവണ ടെണ്ടർ ചെയ്തു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No. | Tender No | PAC (Rs.) | Tender Publish Date | Remarks |
|---|---|---|---|---|
| 1 | WAP/INFRA/KERALA/ 2022/ THB/ 387 | 19, 43, 99, 000 | 05.04.2022 | മതിയായ ലേലക്കാരെ ലഭിക്കാതിരുന്നതിനാലും, ടെണ്ടർ തുകയിലെ ഉയർന്ന് കോട്ടിംഗ് നിരക്കുകളും കാരണം ടെണ്ടർ റദ്ദാക്കുകയും വീണ്ടും ടെണ്ടർ ചെയ്യുകയും ചെയ്തു. |
| 2 | WAP/INFRA/KERALA/ 2022/ THB/ 387 - 1 | | 09.05.2022 | സർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശ പ്രകാരം ടെണ്ടർ റദ്ദാക്കി. |
| 3 | WAP/INFRA/KERALA/ 2022/ THB/ 387 - 2 | | 04.11.2022 | ടെക്നിക്കൽ ബിഡ് 01.12.2022 ന് തുറന്നു. അഞ്ച് ബിഡ്ഡുകളാണ് ലഭിച്ചത്. സാങ്കേതികമായി യോഗ്യതയുള്ള ലേലക്കാരുടെ സാമ്പത്തിക ബിഡ്ഡുകൾ 21.12. 2022 ന് തുറന്നു. ലെറ്റർ ഓഫ് അവാർഡ് നൽകുന്നതിനുള്ള അനുമതി സർക്കാരിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ